"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ്- 2016-17 സാമ്പത്തിക വർഷം നടപ്പിലാക്കിയ കോംപ്രിഹെൻസീവ് ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട 4 ഗുണഭോക്താക്കൾ ധനസഹായമായി കൈപ്പറ്റിയ 1,25,000/- രൂപ പലിശ തുക ഒഴിവാക്കി തിരിച്ചടക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.13/2025/F&P തീയതി,തിരുവനന്തപുരം, 15-01-2025

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 09/12/2024-ലെ ഡി.എഫ്.ടി.വി.എം/1943/2022-എൻ1 നമ്പർ കത്ത്.

**ഉത്തരവ്**

ഫിഷറീസ് വകുപ്പ് 2016-17 സാമ്പത്തിക വർഷം നടപ്പിലാക്കിയ കോംപ്രിഹെൻസീവ് ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട താഴെ പറയുന്ന 4 ഗുണഭോക്താക്കൾ പദ്ധതി പ്രകാരമുള്ള 2 ഗഡു വീതം ധനസഹായം കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | കൈപ്പറ്റിയ ധനസഹായം | വകുപ്പുമായി കരാറിൽ ഏർപ്പെട്ട തീയതി | ധനസഹായം തിരികെ അടക്കുന്നതിന് അപേക്ഷ സമർപ്പിച്ച തീയതി | പലിശ ഇനത്തിൽ അടക്കേണ്ട തുക | നിർമ്മാണം പൂർത്തീകരിക്കാതിരുന്നതിന്റെ കാരണം |
|---|---|---|---|---|---|---|
| 1 | ശശികല പുഷ്കരൻ, കൊച്ചുചിറയിൽ, മുഹമ്മ | 125000 | 12.01.2017 | 11.08.2023 | 148125 (6 വർഷം 7 മാസം) | അടിത്തറ നിർമ്മാണം നടത്തിയിട്ടുണ്ട്. ഭർത്താവ് മരണപ്പെട്ടു. സാമ്പത്തിക ബുദ്ധിമുട്ട് കാരണം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. |

| | | | | | | |
|---|---|---|---|---|---|---|
| 2 | രതീഷൻ,<br>രതീഷ് ഭവനം, വാരനാട് | 125000 | 17.11.2016 | 22.03.2024 | 165370<br>(7 വർഷം 4 മാസം 6 ദിവസം) | അടിത്തറ നിർമ്മാണം നടത്തിയിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ട് കാരണം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. |
| 3 | ബാലൻ, മാടവനത്തോപ്പ്, നീർക്കുന്നം | 125000 | 16.11.2016 | 14.02.2024 | 163125<br>(7 വർഷം 3 മാസം) | അടിത്തറ നിർമ്മാണം നടത്തിയിട്ടുണ്ട്. ഗുണഭോക്താവ് മരണപ്പെട്ടു. സാമ്പത്തിക ബുദ്ധിമുട്ട് കാരണം |
| 4 | സന്ധ്യാവ്,<br>കടവുങ്കൽ,<br>തൈക്കൽ | 125000 | 15.12.2016 | 03.04.2024 | 164313<br>(7 വർഷം 3 മാസം 19 ദിവസം) | അടിത്തറ നിർമ്മാണം നടത്തിയിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ട് കാരണം |

2) ടി 4 ഗുണഭോക്താക്കളും സാമ്പത്തികമായി പിന്നോക്കവസ്ഥയിൽ വിവിധ സാഹചര്യങ്ങളിൽ ബുദ്ധിമുട്ട് നേരിടുന്നവരാണെന്നും, മാനുഷിക പരിഗണന നൽകി ഭവന നിർമ്മാണ ധനസഹായമായി കൈപ്പറ്റിയ ഗഡുക്കളുടെ പലിശയിനത്തിൽ വരുന്ന ഭാരിച്ച തുക ഒഴിവാക്കി നൽകണമെന്നും, സർക്കാർ വിഹിതമായി കൈപ്പറ്റിയ 1,25,000/- രൂപ വീതം തിരിച്ചടക്കാൻ അപേക്ഷകർ തയ്യാറാണെന്നും ഫിഷറീസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ, മേൽ വസ്തുതകൾ കണക്കിലെടുത്ത് ടി വിഷയത്തിൽ അർഹിക്കുന്ന മാനുഷിക പരിഗണന നൽകി ഭാരിച്ച പലിശതുക ഒഴിവാക്കി നൽകുന്നതിനും, കൈപ്പറ്റിയിട്ടുള്ള സർക്കാർ വിഹിതം 1,25,000/- രൂപ മാത്രം തിരിച്ചടക്കുന്നതിന് അനുമതി നൽകി ഉത്തരവാകണമെന്നും ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫിഷറീസ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ച്, ,ഫിഷറീസ് വകുപ്പ് 2016-17 സാമ്പത്തിക വർഷം നടപ്പിലാക്കിയ കോംപ്രിഹെൻസീവ് ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട 4 ഗുണഭോക്താക്കൾക്ക് മാനുഷിക പരിഗണന മുൻ നിർത്തി (ശ്രീമതി ശശികല പുഷ്ക്കരൻ, ശ്രീ.രതീഷൻ, ശ്രീ.ബാലൻ, ശ്രീ.സന്ധ്യാവ്) ധനസഹായമായി കൈപ്പറ്റിയ 125000/- രൂപ പലിശ ഒഴിവാക്കി തിരിച്ചടയ്ക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**K S SRINIVAS**
പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sabitha Shiju
Date: 16-01-2025 15:04:50

സെക്ഷൻ ഓഫീസർ